56
04/01/21

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ മുൻ അംഗം അഡ്വ.പി.ആർ.ദേവദാസിന് സംയോജിത സർവ്വീസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിരുന്ന പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

**സ.ഉ (കൈ)നം.2/2021/പൊഭവ. തീയതി, തിരുവനന്തപുരം, 01.01.2021**

പരാമർശം:- 1) സ.ഉ (എം.എസ്) നം.102/2019/പൊ.ഭ.വ തീയതി 27.05.2019.

2) സ.ഉ. (സാധാ) നം.359/2020/പൊ.ഭ.വ തീയതി 21.01.2020.

3) 22.08.2019 തീയതിയിലെ സ്പെ.ഇ 1/86/2019/പൊ.ഭ.വ. നമ്പർ സർക്കാർ കത്ത്.

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 16.09.2019 തീയതിയിലെ പി.എം/2/6-86/പി.എസ്.സി/2019-20/358 നമ്പർ കത്ത്.

5) അഡ്വ.പി.ആർ.ദേവദാസിന്റെ 22.01.2020, 28.01.2020 തീയതികളിലെ അപേക്ഷകൾ.

6) ധനകാര്യ (പെൻഷൻ-ബി) വകുപ്പിന്റെ 18.03.2020 തീയതിയിലെ പെൻ-ബി1/38/2019-ഫിൻ (ഇ-1305621) നമ്പർ അനൗദ്യോഗികക്കുറിപ്പ്.

<u>**ഉത്തരവ്**</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ മുൻ അംഗമായ അഡ്വ.പി.ആർ.ദേവദാസിന് ടിയാന്റെ മുൻകാല സർക്കാർ സേവനകാലം കൂടി പി.എസ്.സി സർവ്വീസിനോടൊപ്പം ചേർത്ത് യോഗ്യത സേവനകാലമായി കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾക്കായി പരിഗണിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് 1957 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കോമ്പോസിഷൻ & കണ്ടീഷൻസ് ഓഫ് മെമ്പേഴ്സ് & സ്റ്റാഫ്), റെഗുലേഷനിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നും പി.എസ്.സി അംഗമായി നിയമിതനായ അഡ്വ.പി.ആർ.ദേവദാസിന് സംയുക്ത സേവനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ചുനൽകാമോ എന്നുള്ളതിനും ടിയാന്റ നിയമനം നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നായി കണക്കാക്കുകയാണെങ്കിൽ ടിയാൻ നാളിതുവരെ വാങ്ങിയ സർവ്വീസ് പെൻഷൻ തിരികെ പിടിക്കുന്നത് സംബന്ധിച്ചും വ്യക്തത വരുത്തണമെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (4) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ സർവ്വീസിൽ നിന്ന് വരുന്ന പി.എസ്.സി അംഗങ്ങൾക്ക് അനുവദിക്കുന്നതുപോലെ പി.എസ്.സി

സേവനകാലത്തോടൊപ്പം സർക്കാർ സർവ്വീസും കൂടി ചേർത്ത് പി.എസ്.സി നിരക്കിൽ കമ്പൈൻഡ് സർവ്വീസ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും 01.01.2011 മുതൽ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (5) പ്രകാരം അഡ്വ.പി.ആർ.ദേവദാസ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ മുൻ അംഗമായ അഡ്വ.പി.ആർ.ദേവദാസിന് പി.എസ്.സി യിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിന് ഒരു പ്രത്യേകകേസായി പരിഗണിച്ച് അനുമതി നൽകിക്കൊണ്ടും പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ **27.05.2019 മുതൽ** പ്രാബല്യത്തിൽ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

3) അഡ്വ.പി.ആർ.ദേവദാസിന്റെ പി.എസ്.സി സേവനകാലം മുൻ സർവ്വീസിനോടൊപ്പം കൂട്ടിച്ചേർത്ത് പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യതാ സേവനകാലമായി കണക്കാക്കിയിട്ടുള്ളതിനാൽ, 1957 ലെ പി.എസ്.സി റഗുലേഷനിലെ 7-ാം റഗുലേഷന് ചുവടെയുള്ള കുറിപ്പ് പ്രകാരം ടിയാന് ഗ്രാറ്റുവിറ്റി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പുതിയ ഡി.സി.ആർ.ജിയിൽ നിന്നും തിരികെ പിടിച്ചതിനുശേഷം ബാക്കി തുക മാത്രം അനുവദിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ (എ&ഇ) യ്ക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

അഡ്വ.പി.ആർ.ദേവദാസ്, മുൻ പി.എസ്.സി അംഗം, പുഷ്പാഞ്ജലി, നളന്ദ നഗർ, 226 എ, അയത്തിൽ പി.ഒ., കൊല്ലം - 691021.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്. (ഇനം.നം. 4397 തീയതി 24.12.2020.)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ് ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
ധനകാര്യ വകുപ്പ് (പെൻ ബി.1/38/2019/ഫിൻ (ഇ-1305621) തീയതി 18.03.2020)

ഉത്തരവിൻ പ്രകാരം

Ashal

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2020

ഫയൽ നം. സ്പെഷ്യൽ.ഇ1/39/2020/പൊ.ഭ.വ. ഇനം നം: 4397

93) വിഷയം : പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുൻ അംഗമായ അഡ്വ. പി. ആർ. ദേവദാസിന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

28/12
2.40 pm

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെഷ്യൽ.ഇ 1/39/2020/പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുൻ അംഗമായ അഡ്വ.പി.ആർ.ദേവദാസിന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണ്ണയിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09.10.2020 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതേ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സുധ.ബി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.12.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.12.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17.12.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21.12.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 24.12.2020 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | G.O (MS) NO. 2/2021/GAD dt 01.01.2021 |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ മുൻ അംഗമായ അഡ്വ..പി.ആർ.ദേവദാസിന് പെൻഷൻ ആനുകൂല്യങ്ങൾ പുനർനിശ്ചയിച്ച് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ മുൻ അംഗമായ അഡ്വ.പി.ആർ.ദേവദാസ് കൃഷി വകുപ്പിൽ നിന്നും 31.07.2002 ൽ സ്വയം വിരമിച്ചിരുന്നു. തുടർന്ന് രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം 30.12.2004 തീയതിയിലെ സ.ഉ(പി)നം.370/2004/പൊഭവ പ്രകാരം ടിയാൻ 31.12.2004 ൽ പി.എസ്.സി അംഗമായി നിയമിക്കപ്പെടുകയും പ്രസ്തുത സേവനം പൂർത്തിയാക്കി 31.12.2010 ൽ വിരമിക്കുകയും ചെയ്തു. ടിയാൻ സർവ്വീസിൽ നിന്നും സ്വയം വിരമിച്ചിരുന്നതിനാൽ ടിയാനെ നോൺ സർവ്വീസ് വിഭാഗത്തിലാണ് പി.എസ്.സി അംഗമായത്. എന്നാൽ അശ്രദ്ധ മൂലം ടിയാൻ സർവ്വീസ് വിഭാഗത്തിൽ നിന്നുള്ള പെൻഷനാണ് തെറ്റായി തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നും പി.എസ്.സി അംഗമായി നിയമിക്കപ്പെട്ടവർക്ക് അനുവദിച്ചുവരുന്ന ഉയർന്ന പെൻഷൻ തനിക്കും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ 14.06.2018 ൽ സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ മുൻകാല സർക്കാർ സേവനകാലം കൂടി പി.എസ്.സി സർവ്വീസിനോടൊപ്പം ചേർത്ത് യോഗ്യതാസേവനകാലമായി കണക്കാക്കിക്കൊണ്ട് 27.05.2019 തീയതിയിലെ സ.ഉ(എം.എസ്)നം.102/2019/പൊഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) എന്നാൽ അഡ്വ.പി.ആർ.ദേവദാസിന് സംയുക്ത സേവനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ചുനൽകാമോ എന്നുള്ളതിനും ടിയാന്റെ നിയമനം നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നായി കണക്കാക്കുകയാണെങ്കിൽ ടിയാൻ നാളിതുവരെ വാങ്ങിയ സർവ്വീസ് പെൻഷൻ തിരികെ പിടിക്കുന്നത് സംബന്ധിച്ചും വ്യക്തത വരുത്തണമെന്ന് അക്കൗണ്ടന്റ് ജനറൽ സർക്കാരിനോട്

ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായമാരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി,

" *Finance Department has send an UO Note to GAD [Special-E] dated 18/03/2020 intimating that Hon'ble CM has ordered Finance Department to convey it's opinion on the issue of pensionary benefits sanctioned to Ex-PSC member Adv. P R Devadas. Further CM had also directed AD to place the issue before Cabinet if necessary. Finance Department has been awaiting AD's reply for the UO Note before taking further action.*

*The remarks of Finance Department on the suggestions put forward by AD is here by submitted*

| *Suggestion from AD* | *Remarks of Finance Department* |
|---|---|
| *In the case of Adv.P.R.Devdas, his last emolument drawn was in PSC. His pension cannot be calculated on the basis of last emolument he drawn while he was working in Agricultural Department.* | *Finance Department concurs to this proposal subject to approval of cabinet .* |
| *G.O(Ms)No.102/2019/GAD dt 27.05.2019 does not specify about the date of effect of Government order. Hence the revised pension may be sanctioned to him w.e.f 27.05.2019 only.* | *Finance Department concurs to this proposal* |

| | |
|---|---|
| *His revised pension period may be reckoned for calculation of rest of his pensionary benefits (his DCRG and commutation) and his revised DCRG and Commuted value of Pension may be bound by the rate and upper limit admissible to him at the time of retirement from Government Service or PSC Service whichever is higher.* | *As per provisions of PSC there is no 11option for Commutation for Non- Service Category members on the basis of their PSC Service. Hence commutation is not admissible. 11* |
| *As per the section 318 of the Kerala Public Service Commission (Composition and Conditions of Members and Staff) Regulations, 1957, it provided that the conditions of service of a Member of a Public Service Commission shall not be varied to his disadvantage after his appointment. Hence Gratuity if given as per Note under regulation 7 of KPSC regulation, cannot be* | *Adv.P.R.Devdas was appointed as PSC member in 31/12/2004 after he [voluntary] retired from State Service in 2002. Hence at the time of appointment, his employment can only be considered as that of re-employment vide PSC Regulation 4(2)11(ii). Now his mode of appointment is being considered as that of Service Category and thus reckoning his term of service as Member, KPSC along with his previous service on State Government as qualifying service for Pension.* Hence Finance Department opines that while considering State Government Service of Adv.P.R.Devdas along with his PSC service |

| | |
|---|---|
| *recovered.* | for Pensionary benefits, his gratuity if already given under Note under Regulation 7 of KPSC regulation 1956 shall be deducted from the new DCRG and only the balance amount shall be given. *Otherwise it will amount to Adv.P.R.Devdas receiving Gratuity two times for his service in PSC."* |

4) തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെചേർത്തിരിക്കുന്ന വിഷയത്തിൻമേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവിടുകയുണ്ടായി,

(1) അഡ്വ.പി.ആർ.ദേവദാസിന് പി.എസ്.സിയിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കുന്നതിന് സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് തീരുമാനമെടുക്കാവുന്നതാണ്.

(2) അഡ്വ.പി.ആർ.ദേവദാസിന്റെ പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ 27.05.2019 മുതൽ പ്രാബല്യത്തിൽ വരുത്തി അനുവദിക്കാവുന്നതാണ്. ഉത്തരവ് തീയതിമുതൽ പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കാവുന്നതാണെന്ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി അംഗീകരിച്ചിട്ടുണ്ട്.

(3) നിലവിലുള്ള പി.എസ്.സി പ്രോവിഷൻസ് പ്രകാരം നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നും പി.എസ്.സി അംഗമായവർക്ക് പി.എസ്.സി സർവ്വീസിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂട്ടേഷന് അവസരമില്ലായെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു. ടിയാൻ നോൺ സർവ്വീസ് വിഭാഗത്തിലാണ് നിയമിക്കപ്പെട്ടതെങ്കിലും ടിയാന്റെ പി.എസ്.സി സേവനകാലം മുൻ സർവ്വീസിനോടൊപ്പം കൂട്ടിച്ചേർത്ത് യോഗ്യതാസേവനകാലമായി കണക്കാക്കി 27.05.2019 തീയതിയിലെ സ.ഉ

(എം.എസ്)നം.102/2019/പൊഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ടിയാൻ പി.എസ്.സിയിൽ നിന്നും വിരമിച്ച കാലത്തുള്ള ടിയാന്റെ ഉയർന്ന ശമ്പളപരിധിക്ക് വിധേയമായി പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(4) അഡ്വ.പി.ആർ.ദേവദാസ് 2002 ൽ സർവ്വീസിൽ നിന്നും സ്വയം വിരമിച്ച് 2 വർഷത്തിലധികമുള്ള ഇടവേളയ്ക്ക് ശേഷമാണ് 31.12.2004 ൽ പി.എസ്.സി അംഗമായത്. പി.എസ്.സി റഗുലേഷനിലെ 4(2)(ii)പ്രകാരം പ്രസ്തുത കാലയളവിലെ ടിയാന്റെ നിയമനം പുനർ നിയമനമായി മാത്രമെ കണക്കിലെടുക്കാൻ കഴിയുകയുള്ളൂ. അഡ്വ.പി.ആർ.ദേവദാസിന്റെ പി.എസ്.സി സേവനകാലം മുൻ സർവ്വീസിനോടൊപ്പം കൂട്ടിച്ചേർത്ത് പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യതാസേവനകാലമായി കണക്കാക്കിയിട്ടുള്ളതിനാൽ ടിയാന്റെ നിയമനം സർവ്വീസ് വിഭാഗത്തിൽ നിന്നുള്ള നിയമനമായാണ് പരിഗണിച്ചിട്ടുള്ളത്. അഡ്വ.പി.ആർ.ദേവദാസിന്റെ പി.എസ്.സി സേവനകാലം മുൻ സർവ്വീസിനോടൊപ്പം കൂട്ടിച്ചേർത്ത് പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യതാസേവനകാലമായി കണക്കാക്കിയിട്ടുള്ളതെന്നതിനാൽ 1957 ലെ പി.എസ്.സി റഗുലേഷനിലെ 7-ാം റഗുലേഷന് ചുവടെയുള്ള കുറിപ്പ് പ്രകാരം ടിയാന് ഗ്രാറ്റ്വിറ്റി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പുതിയ ഡി.സി.ആർ.ജിയിൽ നിന്നും തിരികെ പിടിച്ചതിനുശേഷം ബാക്കി തുക മാത്രം നൽകണമെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ടിയാൻ രണ്ട് ഗ്രാറ്റ്വിറ്റി വാങ്ങുന്ന സാഹചര്യം ഉണ്ടാകും. ധനകാര്യ വകുപ്പിന്റെ അഭിപ്രായം അംഗീകരിക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

1) അഡ്വ.പി.ആർ.ദേവദാസിന് പി.എസ്.സിയിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ഒരു പ്രത്യേക കേസായി കണക്കാക്കുന്നതിന് അനുമതി നൽകാമോ ?

2)അഡ്വ.പി.ആർ.ദേവദാസിന്റെ പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ 27.05.2019 മുതൽ പ്രാബല്യത്തിൽ അനുവദിക്കാമോ ?

3) അഡ്വ.പി.ആർ.ദേവദാസിന്റെ പി.എസ്.സി സേവനകാലം മുൻ സർവ്വീസിനോടൊപ്പം കൂട്ടിച്ചേർത്ത് പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യതാസേവനകാലമായി കണക്കാക്കിയിട്ടുള്ളതിനാൽ, 1957 ലെ പി.എസ്.സി റഗുലേഷനിലെ 7-ാം റഗുലേഷന് ചുവടെയുള്ള കുറിപ്പ് പ്രകാരം ടിയാന് ഗ്രാറ്റുവിറ്റി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പുതിയ ഡി.സി.ആർ.ജിയിൽ നിന്നും തിരികെ പിടിച്ചതിനുശേഷം ബാക്കി തുക മാത്രം അനുവദിക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നൽകാമോ ?

# GOVERNMENT OF KERALA
## (Sri. PINARAYI VIJAYAN MINISTRY)

### Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | Spl.E1/39/2020/GAD. |
| 2. | Department | : | General Administration (Spl.E) Dept. |
| 3. | Subject | : | Revision of pensionary benefits to Adv.P.R.Devdas, Former Member, Kerala Public Service Commission - Reg. |
| 4. | Date of Chief Minister's order for placing before the council | : | 09.10.2020 |
| 5. | i. Does the case involve financial commitments/implications. | : | Yes |
| | ii. If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note. | : | Yes |
| 6. | Are any other departments concerned with the case and if so, have been consulted and their remarks incorporated in the Note for the Council? | : | No; No. |
| 7. | Name of Deputy Secretary who submitted the Draft Note | : | Smt.Sudha.B |
| 8. | Name of Principal Secretary who approved the Draft Note | : | Sri.K.R.Jyothilal |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 15.12.2020 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. .Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 16.12.2020 |
| 12. | Name of Minister who approved the Draft Note | : | Sri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | : | 17.12.2020 |
| 14. | Date of submission of fair copies | : | 21.12.2020 |
| 15. | Date of decision by the Council of Ministers | : | 24.12.2020 |
| 16. | Number and date of the G.O/letter communicating the decision | : | G.O(MS) No.2/2021/GAD dt 01.01.2021 |

Notes for Council of Ministers

This note deals with the revision of pensionary benefits to Adv.P.R.Devdas, former member in Kerala Public Service Commission.

2) Adv.P.R Devdas, former Member in KPSC had been retired voluntarily from Agricultural Department on 31.07.2002. Later he was appointed as Member in KPSC on 31.12.2004 vide the G.O(P)No.370/2004/GAD dt 30.12.2004, after a break of more than two years from the date of his voluntary retirement and he retired on completion of the term on 31.12.2010. Hence he was appointed under 'non-service' category but he wrongly opted his pension as 'Service Category' by ignorance. Later he submitted a representation before Government on 14.06.2018 and requested to grant him higher pension as granted to former PSC members from non-service category. Based on the request the Government issued the G.O(Ms)No.102/2019/GAD dt 27.05.2019 by reckoning his term of service as member, KPSC along with his prior service in State Government as qualifying service.

3) Now, the A.G has requested the Government to clarify whether a combined service pension can be authorised to Adv.P.R.Devdas and if his case is considered in non-service category, whether he is to be advised to refund the service pension drawn by him till date. When the file was forwarded to Finance Department for their remarks they are opined as follows;

"*Finance Department has send an UO Note to GAD [Special-E] dated 18/03/2020 intimating that Hon'ble CM has ordered Finance Department to convey it's opinion on the*

*issue of pensionary benefits sanctioned to Ex-PSC member Adv. P R Devadas. Further CM had also directed AD to place the issue before Cabinet if necessary. Finance Department has been awaiting AD's reply for the UO Note before taking further action.*

*The remarks of Finance Department on the suggestions put forward by AD is here by submitted*

| *Suggestion from AD* | *Remarks of Finance Department* |
|---|---|
| *In the case of Adv.P.R.Devdas, his last emolument drawn was in PSC. His pension cannot be calculated on the basis of last emolument he drawn while he was working in Agricultural Department.* | *Finance Department concurs to this proposal subject to approval of cabinet .* |
| *G.O(Ms)No.102/2019/GAD dt 27.05.2019 does not specify about the date of effect of Government order. Hence the revised pension may be sanctioned to him w.e.f 27.05.2019 only.* | *Finance Department concurs to this proposal* |
| *His revised pension period may be reckoned for calculation of rest of his pensionary benefits (his DCRG and commutation)* | *As per provisions of PSC there is no option for Commutation for Non-Service Category members on the basis of their PSC* |

| | |
|---|---|
| *and his revised DCRG and Commuted value of Pension may be bound by the rate and upper limit admissible to him at the time of retirement from Government Service or PSC Service whichever is higher.* | *Service.Hence commutation is not admissible.* |
| *As per the section 318 of the Kerala Public Service Commission (Composition and Conditions of Members and Staff) Regulations, 1957, it provided that the conditions of service of a Member of a Public Service Commission shall not be varied to his disadvantage after his appointment. Hence Gratuity if given as per Note under regulation 7 of KPSC regulation, cannot be recovered.* | *Adv.P.R.Devdas was appointed as PSC member in 31/12/2004 after he [voluntary] retired from State Service in 2002. Hence at the time of appointment, his employment can only be considered as that of re-employment vide PSC Regulation 4(2)(ii). Now his mode of appointment is being considered as that of Service Category and thus reckoning his term of service as Member, KPSC along with his previous service on State Government as qualifying service for Pension.* ***Hence*** |

| | |
|---|---|
| | ***Finance Department opines that while considering State Government Service of Adv.P.R.Devdas along with his PSC service for Pensionary benefits, his gratuity if already given under Note under Regulation 7 of KPSC regulation 1956 shall be deducted from the new DCRG and only the balance amount shall be given.*** *Otherwise it will amount to Adv.P.R.Devdas receiving Gratuity two times for his service in PSC."* |

4) On the basis of the remarks from Finance Department, when the file was circulated to Hon'ble Chief Minister for orders of the following; it was ordered to place the matter before Council of Ministers.

1. The pension in r/o Adv.P.R.Devadas may be granted on the basis of the last emolument drawn from KSPC, subject to approval of cabinet by placing the matter before the Council of Ministers.
2. The revised pension of Adv.P.R.Devadas may be sanctioned w.e.f.27.05.2019. The Hon'ble Finance

Minister has already agreed to sanction with prospective effect.

3. F.D suggested that as per provisions of PSC, there is no option for commutation for Non-service category members on the basis of their PSC service. Hence commutation is not admissiblle. Even if he was appointed under Non-Service category, his PSC service has been reckoned along with his prior service in State Government as qualifying service, vide the G.O. (Ms)No.102/2019/GAD dt.27.05.2019. Hence the commutation value of pension may be bound by the rate and upper limit admissible to him at the time of retirement from PSC service, by over-ruling the advice of Finance Department after placing the matter before the Council of Ministers.

4. Adv. P.R.Devadas was appointed as PSC member in 31.12.2004 after a break of more than two years from his voluntary retirement from State Service in 2002. Hence at the time of appointment, his employment can only be considered as that of re-employment vide PSC Regulation 4(2) (ii). Now his mode of appointment is being considered as that of Service Category and thus reckoning his term of service as Member, KPSC along with his previous service in State Government as qualifying service for Pension. Hence Finance Department opines that while considering State Government Service of Adv.P.R.Devadas along with his PSC Service for pensionary benefits, his gratuity if already given under Note under Regulation 7 of KPSC regulation 1957 shall be deducted from the new DCRG

and only the balance amount shall be given. Otherwise it will amount to Adv.P.R.Devadas receiving Gratuity two times for his service in PSC. We may decide accordingly.

Points for decision

1) Whether permission may be granted to calculate pensionary benefits to Adv.P.R.Devdas, former Member in KPSC on the basis of the last emolument drawn from KPSC as a special case?

2) Whether the date of effect of his revised pension may be sanctioned with effect from 27.05.2019 ?

3) Whether the A.G may be directed to deduct his gratuity from new DCRG, if his gratuity has already been sanctioned under Note under Regulation 7 of KPSC Regulation 1957 and to give only balance amount to him, since the State Government service along with PSC Service in r/o Adv.P.R.Devdas has been reckoned as qualifying service for pensionery benefits ?